**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - വെള്ളായണി, ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ **2025-26** അദ്ധ്യയന വർഷത്തേക്ക് വിദ്യാർത്ഥികൾക്ക് സ്പോർട്സ് കിറ്റ് അലവൻസ് നൽകുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**109/2026/SCSTD** തീയതി,തിരുവനന്തപുരം, **23-01-2026**

---

പരാമർശം:- പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ **05/1/2026** ലെ **SCDD/2867/2025-D2 (EDN D)** നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ വിദ്യാർത്ഥികൾക്ക് പഠനത്തോടൊപ്പം കായികപരിശീലനവും നൽകി വരുന്നുണ്ട്. പ്രസ്തുത സ്കൂളിൽ **2024-25**, അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്കായി സ്പോർട്സ് കിറ്റ് നൽകുന്നതിന് ക്ഷണിച്ച ടെൻഡർ നടപടികളുടെ അപാകത മൂലം ടി ടെൻഡർ റദ്ദാക്കിയതായും അപ്രകാരം ടി വർഷം സ്പോർട്സ് കിറ്റ് വിതരണം ചെയ്യുവാൻ കഴിഞ്ഞിരുന്നില്ലെന്നും തുടർന്ന് **2025-26** അദ്ധ്യയന വർഷവും മതിയായ ടെൻഡർ ലഭിക്കാത്തതിനാലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ റീടെൻണ്ടർ നടത്താൻ സാധിക്കാതെ വന്നതിനാലും തുടർച്ചയായ രണ്ടാം വർഷവും വിദ്യാർത്ഥികൾക്ക് സ്പോർട്സ് കിറ്റ് വിതരണം ചെയ്യുവാൻ സാധിക്കാത്തത് വിദ്യാർത്ഥികളുടെ കായികപ്രകടനത്തെ സാരമായി ബാധിക്കുമെന്നും അതിനാൽ **5,6** ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ജനറൽ കിറ്റ് അലവൻസ് നൽകുന്നതിന് ഓരോ വിദ്യാർത്ഥിക്കും **8,200/-** രൂപ വീതവും **7** മുതൽ **+2** വരെയുള്ള ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ജനറൽ കിറ്റ് അലവൻസും **(8,200/-**രൂപ), സ്പെസിഫിക് കിറ്റ് അലവൻസും **(1,800/-** രൂപ) നൽകുന്നതിന് ഓരോ വിദ്യാർത്ഥിക്കും **10,000/-**രൂപ വീതവും സ്പോർട്സ് കിറ്റ് അലവൻസായി അനുവദിക്കുന്നതിനായി **18,86,000/-** രൂപ ചെലവ് വരുമെന്നും ടി തുക **2225-01-277-58(P)** എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ചു ഉത്തരവ് നൽകണമെന്നും പരാമർശപ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പട്ടികജാതി

വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവ.മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ **2025-26** അദ്ധ്യയന വർഷം വിദ്യാർത്ഥികൾക്ക് സ്പോർട്സ് കിറ്റ് അലവൻസ് അനുവദിക്കുന്നതിനായി **2225-01-277-58(P)** എന്ന ശീർഷകത്തിൽ നിന്നും **18,86,000/-** (പതിനെട്ട് ലക്ഷത്തി എൺപത്തിയാറായിരം രൂപ മാത്രം) രൂപ ചെലവഴിക്കുന്നതിനും ടി തുക വിദ്യാർഥികളുടെ അക്കൗണ്ടിലേയ്ക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**G S SAGINA**

അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർ സെക്ടർ ),കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
H Suni
Date: 24-01-2026 10:23:14
സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്